# LITTLE KITE ACTIVITY REPORT

## 2024-25



# 2024-27 ലിറ്റിൽ കൈറ്റ് ബാച്ച്

**തിരഞ്ഞെടുപ്പും പ്രിലിമിനറി ക്യാമ്പും**

ഈ വർഷത്തെ ലിറ്റിൽ കൈറ്റ് കുട്ടികളെ തിരഞ്ഞെടുക്കാനുള്ള അഭിരുചി പരീക്ഷ ജൂൺ 15ന് നടന്നു. അതിൽ നിന്നും 26കുട്ടികൾക്ക് സെലക്ഷൻ കിട്ടി. ബാച്ചിന്റെ ലീഡറായി മുഹമ്മദ് ബിൻ ഫഹദിനെയും ഡെപ്യൂട്ടി ലീഡറായി അഹമ്മദ് അലിയെയും തിരഞ്ഞെടുത്തു. ആഗസ്റ്റ് 8 ന് എം.ടി. നസീബ് സാറിന്റെ നേതൃത്വത്തിൽ പ്രിലിമിനറി ക്യാമ്പ് നടത്തി. കട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് സ്ക്രാച്ച് , ഓപ്പൺ ടൂൺസ് എന്നിവയിൽ അവർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകി. ക്യാമ്പ് വളരെ രസകരവും വിജ്ഞാനപ്രദവുമായ അനുഭവമായിരുന്നു. കട്ടികൾക്കുള്ള ക്ലാസിനു ശേഷം രക്ഷിതാക്കൾക്കായി ഒരു ബോധവത്ക്കരണ ക്ളാസും നടത്തുകയുണ്ടായി.









# സ്ക്കൂൾ പാർലമെന്റ് ഇലക്ഷൻ

ഈ വർഷത്തെ സ്ക്കൂൾ പാർലമെന്റ് ഇലക്ഷൻ ആഗസ്റ്റ് 16-ാംതീയതി നടന്നു. ലിറ്റിൽ കൈറ്റ് ക്ളബിലെ കുട്ടികളുടെ നേതൃത്വത്തിൽ സമ്മതി ആപ്പ് ഉപയോഗിച്ച് എല്ലാ ക്ളാസുകളിലും തിരഞ്ഞെടുപ്പ് നടത്തി. കുട്ടികൾക്ക് തിരഞ്ഞെടുപ്പ് പ്രക്രിയകൾ നന്നായി മനസിലാക്കുവാനുമുള്ള അവസരം ഉണ്ടായി













# 2023-26 ലിറ്റിൽ കൈറ്റ് ബാച്ചിന്റെ ക്യാമ്പ്

2023-26 ബാച്ചിന്റെ സ്ക്കൂൾ ലെവൽ ക്യാമ്പ് ഒക്ടോബർ 8-ാംതീയതി ആർ .പി. അഫ്സൽ സാറിന്റെ നേതൃത്വത്തിൽ നടന്നു.ക്യാമ്പിലെ മികച്ച പ്രവർത്തനങ്ങളുടെയും അസൈൻമെന്റുകളുടെയും അടിസ്ഥാനത്തിൽ നാല് കുട്ടികളെ പ്രോഗ്രാമിങ്ങിനും നാല് കുട്ടികളെ ആനിമേഷനും സബ്ജില്ലാ ക്യാമ്പിന് തിരഞ്ഞെടുത്തു. സബ്ജില്ലാ ക്യാമ്പിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രാമിങ്ങിന് റോഹൻ ബേബിയും ആനിമേഷനിൽ ഗൗരിയും ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.







# ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ, രാമപുരം

## റോബോട്ടിക് ഫെസ്റ്റ്

□□□□□□പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ലിറ്റിൽകൈറ്റ് ക്ളബിന്റെ ആഭിമുഖ്യത്തിൽ രാമപുരം ഹയർസെക്കണ്ടറി സ്ക്കൂളിൽ റോബോട്ടിക് ഫെസ്റ്റും മികവുത്സവവും നടത്തി. 19/02/2025 ബുധനാഴ്ച സ്ക്കൂളിൽ വച്ച് നടത്തിയ പ്രോഗ്രാമിൽ ലിറ്റിൽ കൈറ്റ് ക്ളബിലെ കുട്ടികൾ ഈ മേഖലയിൽ അവർക്കുള്ള അറിവുകൾ ഉപയോഗിച്ച് വ്യത്യസ്തങ്ങളായ ആനിമേഷനുകളും ഗെയിമുകളും ആർഡിനോകിറ്റ് ഉപയോഗിച്ച് വിവിധ മോഡലുകളും തയ്യാറാക്കുകയും അവ മറ്റ് കുട്ടികൾക്കും അദ്ധ്യാപകർക്കും കാണാൻ അവസരം ഒരുക്കുകയും ചെയ്തു. സീനിയർ അദ്ധ്യാപകനായ റഹിം സാറിന്റെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് എം.പ്രവദ ടീച്ചർ ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. മറ്റ് അദ്ധ്യാപകരായ ദീപ ടീച്ചർ, റാഷിദ ടീച്ചർ,രജനി വേണി ടീച്ചർ, കൈറ്റ് മിസ്ട്രസുമാരായ നിശ ടീച്ചർ, ദിവ്യ ടീച്ചർ എന്നിവർ സംസാരിച്ചു.











# ഭിന്നശേഷി കുട്ടികൾക്കുള്ള പരിശീലനം

2022-25 ബാച്ചിലെ കുട്ടികൾ ഭിന്നശേഷി കുട്ടികൾക്കായി പ്രത്യേക ക്ളാസുകൾ നടത്തി. ചിത്രങ്ങൾ വരയ്ക്കാനും ഗെയിം കളിയ്ക്കാനും കുട്ടികൾക്ക് വളരെ ഉത്സാഹമായിരുന്നു. മറ്റ് കുട്ടികളുടെ സഹായത്തോടെ ക്യാൻവാസുകളിൽ പുതിയ ചിത്രങ്ങൾ രൂപം കൊണ്ടു.









# 2023-26 ലിറ്റിൽ കൈറ്റ് ബാച്ച്



# 2024-27 ലിറ്റിൽ കൈറ്റ് ബാച്ച്



little KITEs

# THANKS